LIBRARY ARCHIVES Kerala Legislative Assembly

കുത്തകപ്പാട്ടം

†*൯ ൠ വ്യ. (ൠ ഥ) സാഹിബ്ബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വടക്കേകര പകുതി സർവ്വേ ൽന്യ·ഥ മുതലായ തർക്കപ്പെട്ട വക കൾ ഇപ്പോൾ ആരുടെ കൈവശമിരിക്കുന്നു എന്നു പറയുമോ;

(ബി) ഹാജർ കച്ചേരി ആർ. ഒ. സി. ഥ ഠഡഢ·ൽൠ റവന്യു എ—൦നെ മ്പർ ഫയൽ ക്ലോസ് ചെയ്തോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കുത്തകപ്പാട്ടപ്രകാരം കൊടുങ്ങല്ലൂർ താലൂക്ക എറിയാട വില്ലേജ് പാടിയത്തു്, മണപ്പാട് കുഞ്ഞുമുഹമ്മദുഹാജി അബ്ദുൽകാദറിന്റെ അനന്ത വന്തിലാണു്.

(ബി) റവന്യൂബോർഡിൽ നടപടിയിൽ ഇരിക്കുന്നു.

കശുവണ്ടി

*൯ ൠ൯. (ൠഢ) ശ്രീ. ററി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തലപ്പിള്ളി താലൂക്കിൽപ്പെട്ട ക്രനംമുച്ചി, കേച്ചേരി എന്നീ അങ്ങാടികളിൽ ഓരോ പൊതുകക്കൂസുകൾ സമാപിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള വല്ല അപേക്ഷകളും തവണ്ടിലേക്ക കിട്ടിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി(ശ്രീ. എ. ജെ. ജോൺ): ഉവ്വ്.

ശ്രീ. സി. വി. ഇയ്യു: ഈ കാര്യത്തെസംബന്ധിച്ചു തവണ്ടു് എന്തെങ്കിലും നടപടി നടന്നിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ.സി. വി. ഇയ്യു: ഇക്കൊല്ലത്തിൽതന്നെ ഇതിനുവേണ്ട നടപടികളെടുക്കുവാൻ ബഹുമാനപ്പെട്ട തവണ്ടിനു ദയവുണ്ടാകുമോ?

ശ്രീ.എ. ജെ. ജോൺ: ഇക്കൊല്ലത്തെ ബഡ്ജറിൽ പ്രൊവിഷനില്ല.

ശ്രീ. സി. വി ഇയ്യു:അടുത്തകൊല്ലത്തിലെങ്കിലും ഇതിനുള്ള സംഖ്യ ബഡ്ജറിൽ കൊള്ളിക്കുമോ?

ശ്രീ എ.ജെ.ജോൺ: അടുത്തകൊല്ലം ഇതിനെപ്പറ്റി ആലോചിക്കുന്നതാണു്.

ഉടുക്കർ പ്രൊക്ലമേഷൻ

*൯൩ ം. (ൠന) ശ്രീ.എസ്സ്. കുട്ടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഉടുക്കർ പ്രൊക്ലമേഷൻ നടപ്പിൽ വന്നതിനുശേഷം അതിന്റെ വ്യവസ്ഥകൾക്ക വിധേയമായി ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

†Answer to this question was laid on the table, the questioner having exhausted his quota.